ന്ന് മാംസവും ആകുന്നു' എന്ന് ഈ മൂന്നു രാജ്യങ്ങളും പരസ്പരം പറയുന്ന ഏകദേഹമാവാൻ അവ ആഗ്രഹിക്കുന്ന, ഒരു കാലഘട്ടം എന്നെങ്കിലും ഉണ്ടാവാതിരിക്കുമോ? മതമാണല്ലോ ഇന്ത്യയെ വിഭജിക്കാൻ കാരണമായിത്തീർന്നത്. മനുഷ്യൻ നന്നായാൽ, മതമേതായാലെന്ത്? മനുഷ്യൻ നന്നാവുന്നില്ലെങ്കിലും, മതമേതായാലെന്ത്?

5 ഒക്ടോബർ, 1981

## 21. വടക്ക്—തെക്ക്—സംവാദം

ഒക്ടോബർ അവസാനത്തിൽ, വടക്കെ അമേരിക്കയിലെ മെക്സിക്കോ രാജ്യത്തുള്ള 'കാൻകൻ' എന്ന സ്ഥലത്തു ചേർന്ന ഇരുപത്തിരണ്ടു രാഷ്ട്രത്തലവന്മാരുടെ സമ്മേളനം, ഉടൻതന്നെ നടപ്പിൽ വരുത്താവുന്ന ഒരു തീരുമാനത്തിലും എത്തിയില്ലെങ്കിലും മനുഷ്യവർഗത്തിന്റെ ഇന്നത്തെ വിക്ഷോഭാവസ്ഥയിലേക്കു വളരെയധികം വെളിച്ചം പകർന്ന ഒരു സംഭവമെന്ന നിലയിൽ തികച്ചും പ്രയോജനകരമായിരുന്നു.

സമൃദ്ധിമദ്ധ്യത്തിലുള്ള ദാരിദ്ര്യമാണ് മനുഷ്യന്റെ ഇന്നത്തെ മഹാപ്രശ്നം. കായികാധ്വാനം പരമാവധി കുറഞ്ഞ ജോലികൾ ദിവസത്തിൽ ഏതാനും മണിക്കൂറുകൾ മാത്രം ചെയ്യുന്നതുവഴി അടിസ്ഥാനജീവിതാവശ്യങ്ങൾ നിറവേററുന്നതിനു പര്യാപ്തമായ വരുമാനം ലോകത്തിലെ എല്ലാ മനുഷ്യർക്കും ഇന്നു നേടുവാൻ കഴിയും. ജോലി കഴിഞ്ഞു മിച്ചം വരുന്ന സമയം വിജ്ഞാനം വളർത്താനും സംസ്കാരസമ്പന്നമായ വിനോദം നേടാനുമുള്ള സൗകര്യങ്ങളും സുലഭമാണ്. ജനനംമുതൽ മരണംവരെ പൂർണമായ ആരോഗ്യം നിലനിർത്താനും മരണമെന്ന അനിവാര്യതയെ പരമാവധി അകലേക്കു തള്ളിനീക്കാനും ഇപ്പോൾ സാദ്ധ്യമായിട്ടുണ്ട്. പ്രകൃതിയിൽ നിന്നോ സഹജീവികളിൽനിന്നോ തന്നിൽനിന്നുതന്നെയോ ഉളവായേക്കാവുന്ന പീഡകളുടെ പരിഹാരമായിരുന്നു മനുഷ്യവർഗത്തിന്റെ നിരന്തര അന്വേഷണവിഷയം. ഈ 'ദുഃഖത്രയ'ത്തിന്റെ നിവാരണത്തിൽ മനുഷ്യൻ ഇന്നു വളരെ വലിയ ഒരളവോളം വിജയിച്ചിരിക്കുന്നു.

പക്ഷേ, ഈ നേട്ടങ്ങളെല്ലാമുള്ളതു് സമ്പന്നരാജ്യങ്ങളിൽ മാത്രമാണ്. ഭൂമദ്ധ്യരേഖയോടു തൊട്ടുകിടക്കുന്ന ഉഷ്ണമേഖലാപ്രദേശരാജ്യങ്ങളിൽ പാർക്കുന്ന ഭൂരിഭാഗം മനുഷ്യരും ഇപ്പോഴും പരമദരിദ്രരാണ്. അക്കാരണത്താൽത്തന്നെ, പരിഷ്കാരത്തിന്റെ നേട്ടങ്ങളൊന്നും അവർക്കു കൈവരുന്നില്ല. അടുത്ത ഭക്ഷണം എവിടെ കിട്ടുമെന്ന് അറിയാത്തവർക്കു സംസ്കാരത്തെപ്പററി ചിന്തിക്കാൻ അവസരമെവിടെ?

ഭൂമദ്ധ്യരേഖയുടെ വടക്കുഭാഗത്താണല്ലോ അധികം ജനവാസപ്രദേശങ്ങളും, വടക്കോട്ടു നീങ്ങിയുള്ള മിതശീതോഷ്ണമേഖലയിലും, പിന്നെയും വടക്കുള്ള ശീതമേഖയിലുമാണു സമ്പന്നരാജ്യങ്ങളധികവും. പടിഞ്ഞാറൻ യൂറോപ്പ്, കാനഡയും യുണൈററഡ് സ്റ്റേററ്സും-ജപ്പാൻമുതലായവ ഈ രാജ്യങ്ങളിൽപ്പെടുന്നു. ന്യൂസിലൻഡ്, ആസ്ത്രേലിയ, തെക്കെ ആഫ്രിക്ക എന്നിവ മദ്ധ്യരേഖയ്ക്കു തെക്കാണെങ്കിലും മിതശീതോഷ്ണമേഖലയിലാണ്. ഈ രാജ്യങ്ങളിലും ദരിദ്രരായ ഏതാനും ആളുകളുണ്ടെങ്കിലും സമ്പന്നതയാണ് അവിടങ്ങളിലെ സാധാരണത്വം; ദാരിദ്ര്യം ഒരു അപവാദം മാത്രമാണ്. മറിച്ച് ഉഷ്ണമേഖലാപ്രദേശത്തു ദാരിദ്ര്യമാണ് സാമാന്യവസ്തുത; സമ്പന്നത അപവാദം മാത്രമാകുന്നു.

ഇന്ത്യ അടക്കമുള്ള ഉഷ്ണമേഖലാരാജ്യങ്ങളിലെ ദാരിദ്ര്യത്തിനു കാരണ

മെന്താണ്? പല കാരണങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. ആലസ്യം ഈ പ്രദേശത്തിലെ ജനങ്ങളുടെ വർഗസ്വഭാവമാണെന്നും അതിനാൽ ദാരിദ്ര്യത്തിനേ അവർക്കു വിധിയുള്ളു എന്നുമാണു ഒരു വാദം. പെററുപെരുകാനല്ലാതെ പണിയെടുത്തു സമ്പാദിക്കാൻ മനുഷ്യനെ അനുവദിക്കാത്ത ഒന്നാണ് ഉഷ്ണമേഖലാ കാലാവസ്ഥ എന്നും പറയപ്പെടുന്നുണ്ട്. നൂററാണ്ടുകളോളം നിലനിന്ന കോളനിവാഴ്ചയും പാശ്ചാത്യചൂഷണവുമാണ് ഇവിടത്തെ ദാരിദ്ര്യത്തിനു കാരണമെന്നാണ് ഈ പ്രദേശത്തുള്ളവരുടെ വാദം. ഇതിനു പരിഹാരം കാണേണ്ടതു സോഷ്യലിസത്തിന്റെ ആസൂത്രണ—നിയന്ത്രണങ്ങളിലൂടെയാണെന്ന് ഒരു കൂട്ടരും സ്വാതന്ത്ര്യക്കമ്പോളത്തിലെ തുറന്ന മത്സരത്തിലൂടെയാണെന്നു മറെറാരു കൂട്ടരും വാശിപിടിക്കുന്നു.

തർക്കമില്ലാതെ അവശേഷിക്കുന്ന ഒരു വസ്തുത മനുഷ്യവർഗത്തിലെ പത്തിൽ ഒമ്പതു ഭാഗത്തോളം വേണ്ടത്ര ആഹാരംപോലും ലഭിക്കാതെ ഉഴലുമ്പോൾ, പത്തിൽ ഒരു ഭാഗം അതിസമ്പന്നതകൊണ്ടു കഷ്ടപ്പെടുന്നു എന്നതാണ്. ഈ നില പ്രകടമായും അനീതിയാണെന്നും എല്ലാവരും സമ്മതിക്കുന്നു. ഇതിനുള്ള പരിഹാരം ഓരോ ദരിദ്രരാജ്യവും സ്വന്തം പരിശ്രമത്തിലൂടെ കണ്ടെത്തേണ്ടതാണ്. പക്ഷേ, സ്വയം ഉയരുന്നതിനു ദരിദ്രരെ സഹായിക്കാൻ സമ്പന്നർക്കു കഴിയും. മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താൻ മാത്രമല്ല, സ്വന്തം ഭൗതികതാല്പര്യങ്ങളെ കരുതിയും സമ്പന്നരാജ്യങ്ങൾ ഈ സഹായം നൽകിയേ മതിയാവൂ. കാരണം, ദാരിദ്ര്യത്തിൻ ഫലമായി ഉഷ്ണമേഖലാരാജ്യങ്ങളിൽ ഉളവായേക്കാവുന്ന വിപ്ലവങ്ങളും യുദ്ധങ്ങളും മിതശീതോഷ്ണ-ശീത-മേഖലകളിലെ സമ്പന്നരാജ്യങ്ങളേയും ബാധിക്കാതിരിക്കയില്ല. യുദ്ധവും സമാധാനവും അവിഭാജ്യങ്ങളാണ്, ഏതാനും ചില രാജ്യങ്ങളിൽ മാത്രമായി അവ ഒതുങ്ങിനില്ക്കുകയില്ല.

മുഖ്യമായും ദരിദ്രരാജ്യങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിൽ ലോകബാങ്കുപോലെയുള്ള സ്ഥാപനങ്ങളുണ്ടാക്കിയതു്. പക്ഷേ, ഇവ ധനികരാജ്യങ്ങളുടെ സ്വാർത്ഥങ്ങൾ നിലനിർത്തുന്നതിനാണ് ഇന്നു പ്രധാനമായും ഉപകരിക്കുന്നതു്. ധനികരാജ്യങ്ങൾ തമ്മിലൊത്തു് ദരിദ്രരാജ്യങ്ങളെ അകററിനിർത്തുന്നതും അസാധാരണമല്ല. യൂറോപ്യൻ സാമ്പത്തികസമൂഹം (ഇ ഇ. സി.) ഇതിനൊരുദാഹരണമാണ്. സോവിയററ് യൂണിയനും അമേരിക്കയും തമ്മിലുള്ള മത്സരം കാരണം ഐക്യരാഷ്ട്രസമിതി ഏറെക്കുറെ നിഷ്ക്രിയമായിരിക്കുന്നു. അതിനാൽ ഐക്യരാഷ്ട്രസമിതി മുഖേന ദരിദ്രരാജ്യങ്ങളുടെ പ്രശ്നം പരിഹരിക്കുക പ്രയാസമാണ്. ധനികരാജ്യങ്ങളും ദരിദ്രരാജ്യങ്ങളും തമ്മിൽ മുഖത്തോടുമുഖം സംസാരിച്ചുവേണം ഈ പ്രശ്നത്തിനു പരിഹാരം കാണാൻ. 'വടക്കും തെക്കും തമ്മിലുള്ള സംവാദം' എന്ന പേരിൽ അറിയപ്പെടുന്നതു ഈ ആശയഗതിയാണ്.

ഒരു സമ്പന്നരാജ്യമായ പടിഞ്ഞാറൻ ജർമനിയിലെ മുൻ പ്രധാനമന്ത്രിയാണ് ഈ സംവാദത്തിനുള്ള മൂർത്ത നിർദേശങ്ങൾ സമർപ്പിച്ചതു്. ഐക്യരാഷ്ട്രസമിതിയുടെ അകത്തും പുറത്തുമായി ഈ നിർദേശങ്ങൾ പല വിധത്തിൽ ചർച്ച ചെയ്യപ്പെട്ടു. അതിനെത്തുടർന്നാണ്, മെക്സിക്കോ പ്രസിഡൻറിന്റെ ക്ഷണം സ്വീകരിച്ച് ഇരുപത്തിരണ്ടു രാഷ്ട്രങ്ങളുടെ തലവന്മാർ ഒക്ടോബർ നാലാമത്തെ ആഴ്ചയിൽ കാൻകൻ എന്ന സ്ഥലത്തു സമ്മേളിച്ചതു്.

പ്രകടമായ എന്തെങ്കിലും ഫലം സമ്മേളനത്തിൽനിന്ന് ഉളവാകുമെന്ന ആശ ആദ്യംമുതല്ക്കേ ഉണ്ടായിരുന്നില്ല. സോവിയററ് യൂനിയൻ സമ്മേളനത്തിൽ പങ്കെടുത്തില്ല. ദീർഘകാലമായി മുതലാളിത്ത രാജ്യങ്ങൾ കോളനികളിൽ നടത്തിയ കൊള്ളയുടെ ഫലമാണ് ഉഷ്ണമേഖലാരാജ്യങ്ങളുടെ ദാരിദ്ര്യമെന്നും, അതിനു പരിഹാരമുണ്ടാക്കേണ്ടതു മുതലാളിത്ത രാജ്യ

ങ്ങളുടെ മാത്രം ബാദ്ധ്യതയാണെന്നുമാണ സോവിയററ് യൂനിയൻെറ നിലപാട്. ലോകം മുഴുവൻ സോഷ്യലിസ്റ്റ് ക്രമം സ്വീകരിക്കുന്നതുകൊണ്ടേ ഈ പ്രശ്നം എന്നെന്നേയ്ക്കുമായി തീർക്കാനാവൂ എന്നും അവർക്ക് അഭിപ്രായമുണ്ട്. ആ നിലയിൽ ഇത്തരമൊരു കൂട്ടായ ചർച്ചയിൽ അവർക്കു താല്പര്യമില്ല.

അമേരിക്കയുടെ മുൻപ്രസിഡണ്ടായ കാർട്ടർക്ക് ഈ പ്രശ്നത്തിൽ താല്പര്യമുണ്ടായിരുന്നു. ഇപ്പോഴത്തെ പ്രസിഡണ്ട് റേയ്ഗൻ സമ്മേളനത്തിൽ പങ്കെടുത്തു്, പക്ഷേ, വ്യത്യസ്തമായ ഒരു അഭിപ്രായം ഊന്നിപ്പറയാനാണ്. അദ്ധ്വാനിച്ചും, സ്വതന്ത്ര വ്യാപാരത്തിലൂടെയും ദരിദ്ര ജനതകൾ സ്വയം ഉയരണമെന്നാണ് റേയ്ഗനു പറയാനുള്ളതു്. അങ്ങനെ സ്വയം ഉയർന്നതിൻെറ ഉദാഹരണമായി സ്വന്തം രാജ്യത്തെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ദരിദ്ര രാജ്യങ്ങൾക്കു പറയാനുണ്ടായിരുന്നതു മററു ചില കാര്യങ്ങളായിരുന്നു.

കൃഷി, ഖനനം എന്നിവയാണു ദരിദ്ര രാജ്യങ്ങളുടെ സമ്പദ്ഘടനയുടെ മുഖ്യമായ രണ്ട് ആധാരങ്ങൾ. കാർഷിക വിഭവങ്ങളും ഖനനംചെയ്തെടുക്കുന്ന വിഭവങ്ങളും കുത്തകകൾ മുഖേന ചുരുങ്ങിയ വിലയ്ക്കുവാങ്ങി സംസ്കരിച്ച്, ഭീമമായ വിലയ്ക്കു തിരികെ വില്ക്കുകയാണ് സമ്പന്ന രാജ്യങ്ങൾ ചെയ്യുന്നതു്. ഈ കച്ചവടത്തിൽ നഷ്ടമത്രയും ദരിദ്രരാജ്യങ്ങൾക്കാകുന്നു. കൃഷി, ഖനനം, എന്നിവയിൽനിന്നു കിട്ടുന്ന അസംസ്കൃതവസ്തുക്കളുടെ വില വർദ്ധിപ്പിക്കാൻ സമ്പന്നരാജ്യങ്ങൾ തയ്യാറാവണം. സംസ്കരിച്ച ഉപഭോഗ പദാർത്ഥങ്ങളും പ്രത്യേകിച്ചു യന്ത്രസാമഗ്രികളും ന്യായമായ വിലയ്ക്കു ദരിദ്രരാജ്യങ്ങൾക്കു ലഭ്യമാക്കുകയും വേണം. ആധുനികലോക വ്യാപാരത്തിലുള്ള അസന്തുലിതാവസ്ഥ ഇങ്ങനെ മാത്രമേ പരിഹരിക്കാനാവൂ. ഇതാണ് ദരിദ്രരാജ്യങ്ങളുടെ ഒന്നാമത്തെ ആവശ്യം. ദരിദ്രരാജ്യങ്ങളുടെ, ഉല്പന്നങ്ങളുടെ (ഉദാ: കൈത്തറിത്തുണി) മേൽ ചുമത്തുന്ന ചുങ്കം ഇളവു ചെയ്തു്, ലോകമാർക്കററിൽ ഈ ഉല്പന്നങ്ങൾ വിററഴിയുമാറാക്കുകയും വേണം.

ദരിദ്രരാജ്യങ്ങളിൽത്തന്നെ എണ്ണയുള്ളവ, എണ്ണയില്ലാത്തവ എന്ന് ഒരു വിഭജനമുണ്ട്. എണ്ണയുള്ള രാജ്യങ്ങൾ പലതും വളരെ വേഗത്തിൽ സമ്പന്നങ്ങളായിക്കൊണ്ടിരിക്കുന്നു. പക്ഷേ, വ്യാവസായികമായ അടിത്തറ ഇല്ലാത്തതിനാൽ, ഈ സമ്പത്തു് എത്ര കാലത്തേക്കു നിലനില്ക്കുമെന്നു പറയാനാവില്ല. എണ്ണയില്ലാത്ത രാജ്യങ്ങളുടെ സ്ഥിതിയാണ് ഏററവും ദയനീയം. വേണ്ടത്ര ആഴത്തിൽ കുഴിച്ചാൽ ഭൂമിയിൽ മിക്ക സ്ഥലത്തും എണ്ണ ലഭിക്കാൻ ഇടയുണ്ട്; പ്രത്യേകിച്ചും ആഴക്കടലിൽ. ഇങ്ങനെ കുഴിച്ചുനോക്കുന്നതിനു പക്ഷേ, വമ്പിച്ച പണച്ചെലവുണ്ട്. എണ്ണയില്ലാത്ത ദരിദ്രരാജ്യങ്ങളിൽ ഖനനപരീക്ഷണങ്ങൾ നടത്താനും, സാദ്ധ്യതയുള്ളേടത്തു് എണ്ണവ്യവസായം പടുത്തുയർത്താനും മൂലധനവും സാങ്കേതികസഹായവും നൽകുന്നതിനു് ഐക്യരാഷ്ട്രസമിതിയുടെ അഭിമുഖ്യത്തിൽ ഒരു ഏർപ്പാടുണ്ടാക്കണമെന്നതാണ് ദരിദ്രരാജ്യങ്ങളുടെ മറെറാരാവശ്യം. 'എനർജി അഫിലിയേററ്' എന്ന പേരിൽ അറിയപ്പെടുന്നതു് ഇങ്ങനെ ഉണ്ടാക്കേണ്ട ഏർപ്പാടാണ്.

പ്രകൃതിയുടെ വികൃതിമൂലവും രാഷ്ട്രീയമായ കാരണങ്ങളാലും പല രാജ്യങ്ങളിലും ഇന്നു വ്യാപകമായ തോതിൽ പട്ടിണി നിലനില്ക്കുന്നുണ്ട്. ആഫ്രിക്കയിലെ ഏതാനും രാജ്യങ്ങളിൽ പ്രത്യേകിച്ചും പട്ടിണി കിടക്കുന്ന ആളുകൾ വളരെയുണ്ട്. ഗർഭിണികൾ, കുട്ടികൾ എന്നിവരെ ബാധിക്കുന്ന പട്ടിണി, വരുന്ന തലമുറയ്ക്കു കാര്യമായി ദോഷം ചെയ്യുന്നു. അടുത്ത ഒന്നോ രണ്ടോ വർഷങ്ങളിൽ കടുത്ത ഭക്ഷണക്ഷാമം ചില രാജ്യങ്ങളിലെങ്കിലും

ഉണ്ടാവാൻ സാധ്യതയുണ്ട്. ഈ ഭീഷണി പരിഹരിക്കുന്നതിനു ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ സ്ഥിരമായി ഭക്ഷ്യശേഖരങ്ങൾ ഉണ്ടാക്കുകയും ചുരുങ്ങിയ വിലയ്ക്ക് ആവശ്യക്കാർക്കു ഭക്ഷണം ലഭ്യമാക്കുകയും വേണം എന്നതും ദരിദ്രരാജ്യങ്ങളുടെ മറ്റൊരാവശ്യം ആയിരുന്നു.

ആവശ്യങ്ങൾ അവതരിപ്പിക്കപ്പെട്ടതല്ലാതെ അവ നേടിയെടുക്കുന്നതിനു കാര്യമായ യാതൊരു സംവിധാനവും കാൻകുനിൽ ഉരുത്തിരിഞ്ഞില്ല. ഐക്യരാഷ്ട്രസമിതിയിലൂടെ ഈ പ്രശ്നങ്ങൾ പിന്നെ എപ്പോഴെങ്കിലും ഉന്നയിക്കാമെന്ന വളരെ അവ്യക്തമായ ഒരു പൊതു സമ്മതമേ ഉണ്ടായിട്ടുള്ളു.

കാൻകുനിൽവെച്ച് രാഷ്ട്രത്തലവന്മാർക്കു പരസ്പരം കാണാനും താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനും കഴിഞ്ഞു. ഇന്ദിരാഗാന്ധി അമേരിക്കൻ പ്രസിഡണ്ടിനെയും ചൈനീസ് പ്രധാനമന്ത്രിയേയും കണ്ടു. ഇത്തരം വ്യക്തിസമ്പർക്കങ്ങൾ വേറെയും നടന്നിരിക്കാം.

മധ്യാമേരിക്കയിലെ ഒരു പ്രാചീന ജനതയായിരുന്നു മയന്മാർ. പാശ്ചാത്യർ അമേരിക്ക കണ്ടുപിടിക്കുന്നതിനു വളരെ മുമ്പുതന്നെ മയന്മാരുടെ സംസ്കാരം തീരെ നശിച്ചുപോയി. എങ്കിലും ഈ സംസ്കാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ കാൻകുൻ നഗരത്തിന്റെ അടുത്തുണ്ട്. സമ്മേളനത്തിൽ പങ്കെടുത്ത ലോകനേതാക്കൾ ഈ നഷ്ടാവശിഷ്ടങ്ങൾ പോയി കണ്ടു. മനുഷ്യന്റെ ആശകളുടെയും അഹങ്കാരങ്ങളുടെയും അസ്ഥിരതയെപ്പറ്റിയുള്ള ബോധം ഉൾക്കൊള്ളാൻ മയന്മാരുടെ പ്രാചീനനാഗരികതയുമായുള്ള 'മുഖാമുഖം' അവരെ സഹായിച്ചിരിക്കണം.

അങ്ങനെ കാൻകുൻ സമ്മേളനം വിജയിച്ചില്ല. പക്ഷേ, നമ്മുടെ കാലഘട്ടത്തിലെ മുഖ്യമായ മനുഷ്യപ്രശ്നത്തിൽ ഒരിക്കൽക്കൂടി ലോകശ്രദ്ധ ഫോക്കസ് ചെയ്യാൻ ഈ സമ്മേളനം ഉപകരിച്ചിട്ടുണ്ട്. ഫ്രഞ്ച് പ്രസിഡണ്ട് ഫ്രാൻസ്വാ മിത്തർറാങ് പ്രസ്താവിച്ചപോലെ, മനുഷ്യവർഗത്തിലെ പത്തിൽ ഒൻപതു ഭാഗത്തെ ദാരിദ്ര്യത്തിൽ വിട്ട് പത്തിൽ ഒരു ഭാഗം അമിതമായ സമ്പത്തിന്റെ സുഖം അനുഭവിക്കുകയെന്നതു് ഇനി ഏറെക്കാലം നടപ്പുള്ള കാര്യമല്ല. മനുഷ്യചരിത്രം ഒരു വഴിത്തിരിവിൽ എത്തിനില്ക്കുകയാണ് ഇപ്പോൾ. ദരിദ്ര–ധനിക രാജ്യങ്ങൾ ഒന്നിച്ചിരുന്നു ലോകവ്യാപകങ്ങളായ ചർച്ചകൾ നടത്തി 'സമൃദ്ധിമധ്യത്തിലെ ദാരിദ്ര്യം –' അതോ ദാരിദ്ര്യമദ്ധ്യത്തിലെ സമൃദ്ധിയോ?— എന്ന പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ എല്ലാ രാജ്യങ്ങളും ഈ നിലപാട് എടുക്കേണ്ടിവരും— റേയ്ഗന്റെ അമേരിക്കയും ബ്രെഷ്നേവിന്റെ റഷ്യയും അടക്കം എല്ലാ രാജ്യങ്ങളും.

28 ഒക്ടോബർ, 1981

# 22. മധ്യ–അമേരിക്ക

അമേരിക്കയുടെ ഭൂപടം എടുത്തു നോക്കുക. സമ്പദ്സമൃദ്ധിയുടെ പാരമ്യത്തിലെത്തിനില്ക്കുന്ന കാനഡയും യുണൈറ്റഡ് സ്റ്റേറ്റ്സുമാണു വടക്ക്. യുണൈറ്റഡ് സ്റ്റേറ്റ്സിനു താഴെ, താരതമ്യേന ദരിദ്രമായ മെക്സിക്കോ സ്ഥിതി ചെയ്യുന്നു. ധാരാളം എണ്ണ കുഴിച്ചെടുക്കാനുണ്ടെന്നതൊഴിച്ചാൽ, മെക്സിക്കോയുടെ സാമ്പത്തികനിലവാരം ഇന്ത്യയുടേതിനേക്കാൾ മെച്ചമാണ്. മെക്സിക്കോക്കു തെക്ക് മധ്യാമേരിക്ക ശോഷിച്ച ഒരു കൈപോലെ നിന്ന് തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തെ എത്തിപ്പിടിക്കുന്നു. മെക്സിക്കോവിന്റെ തെക്കേ അതിർത്തിയിലാണ് വാഴക്കൃഷിക്കു പേർകേട്ട